വി ഇ ഒ, തൃക്കുർ ഗ്രാമപഞ്ചായത്ത്

ഇ-ദർഘാസ് പരസ്യം - 2026-27

No: 378/2026/VEO/LSGD/KWD **തിയ്യതി : 17/11/2026**

തൃക്കുർ ഗ്രാമപഞ്ചായത്ത് 2026-27 ജനകീയാസൂത്രണ പദ്ധതി പ്രകാരം അംഗീകാരം ലഭിച്ച ഗാർഹിക മാലിന്യ സംസ്കരണ ഉപാധി വിതരണം പദ്ധതി നമ്പർ 378 പ്രകാരം 190 കിച്ചൺ വേസ്റ്റ് ഡൈജസ്റ്റർ വിതരണം ചെയ്യുന്നതിന് ശുചിത്വമിഷൻ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ഇ-ദർഘാസുകൾ ക്ഷണിക്കുന്നു. ഇ-ദർഘാസുകൾ www.etender.kerala.gov.in എന്ന സൈറ്റ് മുഖേന ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. ആയതിന്റെ ഹാർഡ് കോപ്പി പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്ത മുദ്ര വെച്ച കവറുകളിൽ നിശ്ചിത തിയ്യതിയ്ക്കകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കേന്ദ്ര – കേരള സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ജി.എസ്.ടി നിരക്കുകളും ഈ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിശദാംശങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് വി ഇ ഒ യുടെ കാര്യാലയത്തിൽ നിന്നും www.tender.lsgkerala.gov.in, www.etender.kerala.gov.in എന്നീ സൈറ്റുകളിൽ നിന്നും അറിയാവുന്നതാണ്.

ശുചിത്വമിഷന് അംഗീകാരമുള്ള മാനദണ്ഡങ്ങൾ അന്തിമമായിരിക്കും. ശുചിത്വമിഷൻ അനുമതി ലഭിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രോഡക്ട് ഒരു യൂണിറ്റിന് എല്ലാവിധ ടാക്സ് ഉൾപ്പെടെയുള്ള തുകയാണ് കാട്ട് ചെയ്യേണ്ടത്.

ക്രമ നം	പ്രോ. നം	പ്രവൃത്തിയുടെ പേര്	എണ്ണം	അടങ്കൽ തുക	നിരത ദ്രവ്യം	ടെണ്ടർ ഫോമിന്റെ വില	പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി
1	378	ഗാർഹിക മാലിന്യ സംസ്കരണ ഉപാധി വിതരണം	190	1117200	11172	250	6 മാസം

SPECIFICATION

Kitchen Waste Digester (2kg/day capacity)

- Two number of ultraviolet stabilized LLDPE bins of **120** litre capacity with stable octagon shape.
- Two airtight lids are provided in each bind, one to dumb waste and the other to collect manure/compost.
- Top side is provided with a ventilation hole which is filtered by a stainless steel screen to avoid flies. Behind the ventilation hole, there is an activated carbon impregnated farm to avoid bad odour at the stage of digestion process before micro start working.
- At the centre of each been there is a thin hollow pipe half the way, vertically this pipe passes the leachate to soil from the middle portion of the bin.
- At the bottom of each bins there are **5** drain holes of **2** inch diameter to drain leachate into soil beneath. Microbes' enriched inoculum of **2** kg are provided.
- Approved unit cost **5600/- +** GST

ആകെ ഇ-ദർഘാസ് : 1

ഇ-ദർഘാസ് സൈറ്റിൽ ലഭ്യമാകുന്ന തീയ്യതി : 18/11/2026, 10.00 AM

ഇ-ദർഘാസ് സമർപ്പിക്കാവുന്ന അവസാന തിയ്യതി : 30/11/2026, 11.00 AM

ഇ- ദർഘാസ് ഹാർഡ്കോപ്പി ലഭിക്കേണ്ട അവസാന തീയ്യതി : 30/11/2026, 2.00 PM

ഇ-ദർഘാസ് തുറക്കുന്ന തിയ്യതി : 01/12/2026, 11.00 AM

നിബന്ധനകൾ

1. ടെണ്ടർ ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടർ നടപടികൾ നടത്തുന്നതാണ്.

2. കേരള ശുചിത്വ മിഷൻ അംഗീകൃത ഏജൻസികൾ സമർപ്പിക്കുന്ന ടെണ്ടറുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

3. ടെണ്ടർ സംബന്ധിച്ച പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരവും , കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരവും ഇ ടെണ്ടർ സംബന്ധമായ ചട്ടങ്ങൾ പ്രകാരവും കലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിപ്പിക്കുന്ന ഉത്തരവുകൾ നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

4. ടെണ്ടറുകൾ സ്വീകരിക്കുന്നതിനും, കാരണം കൂടാതെ നിരസിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. ഇ ടെണ്ടർ സംബന്ധിച്ച് ബഹു.സർക്കാർ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും ഇതിനും ബാധകമായിരിക്കും.

6. ടെണ്ടറിനോടൊപ്പം നിശ്ചിത തുകക്കുള്ള നിരതദ്രവ്യവും , ടെണ്ടർ ഫീയും ഓൺലൈനായി ഒടുക്കേണ്ടതാണ്.

7. പ്രിലിമിനറി എഗ്രിമെന്റ്, കോണ്ട്രാക്ടർ ലൈസൻസ് , മറ്റ ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ എന്നിവ അപ് ലോഡ് ചെയ്യാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കില്ല.

8. ഓൺലൈനായി എല്ലാ രേഖകളും സമർപ്പിക്കേണ്ടതും , BOQ കൃത്യമായി രേഖപ്പെടുത്തേണ്ടാതുമാണ്.

9. 04/01/2024-ലെ സ.ഉ.(സാധാ) നം. 34/2024/**LSGD-2.2** ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ ബാധകമായിരിക്കും

10. ചരക്ക സേവന നികുതി (**GST**) പ്രകാരമുള്ള സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ ഏല്ല ഉത്തരവുകളും ഇ ടെണ്ടർ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ബാധകമായിരിക്കും . നികുതി നിരക്കുകളിൽ വർധന ഉണ്ടാകുന്ന പക്ഷം അത് ഒടുക്കുവാൻ കരാറുകാരൻ ബാധ്യസ്ഥരായിരിക്കും.

11. ദർഘാസ് സംബന്ധിച്ച വിശദാംശം പ്രവർത്തി സമയങ്ങളിൽ തൃക്കൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽനിന്നും, **https://etenders.kerala.gov.in, www.lsgkerala.gov.in** എന്ന സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

12. അസൽ രേഖകൾ അയക്കേണ്ട വിലാസം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തൃക്കൂർ ഗ്രാമപഞ്ചായത്ത്, കല്ലൂർ പി.ഒ., തൃശ്ശൂർ - 680317

ഒപ്പ്/-
വി ഇ ഒ